# പ്രിയദർശനം

എൻ. കുമാരനാശാൻ

ആധുനിക മഹാകവിത്രയത്തിൽ ഒരാൾ.
തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ
ജനിച്ചു. പരമ്പരാഗത കാവ്യശൈലിയിൽ-
നിന്നു വ്യത്യസ്തമായ കവനചാതുരി
പ്രദർശിപ്പിച്ചുകൊണ്ട് മലയാളകവിതയിൽ
പുതിയൊരു ഭാവുകത്വത്തിന് തുടക്കം
കുറിച്ച പ്രതിഭ. ശ്രീനാരായണ ഗുരുവിന്റെ
അരുമശിഷ്യനായ കുമാരനാശാൻ
എസ്. എൻ. ഡി. പി. യോഗം സെക്രട്ടറി
എന്ന നിലയിൽ സമൂഹപരിഷ്കരണപ്ര-
സ്ഥാനത്തിന് നേതൃത്വം വഹിച്ചു.

പ്രധാന കൃതികൾ

വീണപൂവ്, നളിനി, ലീല, പ്രരോദനം,
ചിന്താവിഷ്ടയായ സീത, ദുരവസ്ഥ,
കരുണ, പുഷ്പവാടി.

## പര്യായം

1. നളിനം: താമര, പങ്കജം
2. കേഴുക: കരയുക, വിലപിക്കുക
3. കണ്ണുനീർ: അശ്രു, ബാഷ്പം
4. മുഖം: ആനനം, ആസ്യം
5. മൊഴി: ഉക്തി, വചസ്സ്, വാക്ക്
6. ഉഷസ്സ്: പുലരി, പ്രഭാതം, കാല്യം
7. സുമം: കുസുമം, സൂനം, പുഷ്പം
8. വല്ലി: വള്ളി, വല്ലരി
9. ദർശനം: കാഴ്ച, ദൃശ്യം
10. തന്വി: സ്ത്രീ, വനിത, സുന്ദരി

## അർത്ഥവ്യത്യാസം

1. ദർശനം: കാഴ്ച
2. ദർപ്പണം: കണ്ണാടി
3. പാടലം: ചുവപ്പ്
4. പാടവം: സാമർത്ഥ്യം
5. ആഭ: ശോഭ
6. ആട: വസ്ത്രം
7. നേതാവ്: നയിക്കുന്നവൻ

# സന്ധി

1. വടിവിയന്നു - വടിവ് + ഇയന്നു (ലോപസന്ധി)
2. ചിരമമേറാ - ചിരം + അമേറാ (ആദേശ)
3. സുഖോദയം - സുഖ + ഉദയം (ഗുണസന്ധി)
4. സുമോന്മദം - സുമ + ഉന്മദം (ഗുണസന്ധി)
5. ആരത് - ആര് + അത് (ലോപസന്ധി)
6. കനിഞ്ഞവൻ - കനിഞ്ഞ് + അവൻ (ലോ
7. മധുരമായ - മധുരം + ആയ (ആദേശ)
8. സ്മൃതിയിൽ - സ്മൃതി + ഇൽ (ആഗമസന്ധി)
9. വരുന്നയേ - വരുന്നു + അയേ (ലോപസന്ധി
10. കേഴുമയി - കേഴും + അയി (ആദേശ)

11. നമുക്കയോ – നമുക്ക് + അയോ (ലോപസന്ധി)

12. പിന്നെയൊന്ന് – പിന്നെ + ഒന്ന് (ആഗമ)

13. ഏതതോതുക – ഏത് + അതോതുക (ലോപ)

14. ഒരുപകാരം – ഒരു + ഉപകാരം (ലോപ)

15. വല്ലിയായി – വല്ലി + ആയി (ആഗമസന്ധി)

## സമാസം

1. ദേവൽപാദം – ദേവന്റെ പാദം

2. സുഖോദയം – സുഖത്തിന്റെ ഉദയം

3. ഭാഷാപരിപാടലം – ഭാഷാപത്താൽ പരിപാടലം (പ്രയോജിക)

4. സുമോപമം – സുമത്തോട് ഉപമം (സുയോജിക)

5. ഇളംകുരുന്ന് – ഇളതായ കുരുന്ന് (കർമ്മ)

6. പ്രണയചാപല്യം - പ്രണയത്താൽ ചാപല്യം (പ്രയോജിക)

7. കർമ്മനിരതർ - കർമ്മത്താൽ നിരതർ

8. സ്വജീവിതം - സ്വന്തമായ ജീവിതം (കർമ്മ)

**പ്രിയദർശനം**

| | | |
|---|---|---|
| അഖിലം | - | എല്ലാം |
| അമല | - | പരിശുദ്ധ |
| അർഥി | - | ആഗ്രഹിക്കുന്ന / യാചിക്കുന്ന ആൾ |
| അയേ | - | അല്ലയോ |
| ആഭ | - | ശോഭ |
| ആസ്ഥയാൽ | - | ആഗ്രഹത്താൽ |
| ഇണ്ടൽ | - | ദുഃഖം |
| നിജകർമ്മനീതരായ് | - | അവരവരുടെ കർമ്മങ്ങളാൽ നയിക്കപ്പെട്ട് |
| ചാരു | - | ഭംഗി |
| ചിരം | - | വളരെ |
| തന്വി | - | സുന്ദരി |
| ദിഷ്ടം | - | ഭാഗ്യം |
| പരിപാടലം | - | ആകെ ചുവപ്പായത് |
| പാരം | - | ഏറ്റം |
| ഭവൽപ്പദം | - | അങ്ങയുടെ സന്നിധി |

5.12.17 **ഉത്തരം എഴുതുക**

Q1. 'ഭവാനു പണ്ടിഷ്ടയാം 'നളിനി' ഞാൻ' -
നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തി-
യതിന് കാരണമെന്താവാം?
ചർച്ച ചെയ്യുക

2: സ്നേഹഗായകനായ കുമാരനാശാന്റെ
സ്ത്രീപക്ഷ കവിതയായ 'നളിനി'യിലെ വികാര-
ഭരിതമായ ഒരു രംഗമാണ് 'പ്രിയാദർശനം'
എന്ന പാഠഭാഗം.

വളരെക്കാലത്തെ വിരഹത്തിനുശേഷം
അപ്രതീക്ഷിതമായി നളിനി ദിവാകരയോഗിയെ
കണ്ടുമുട്ടുന്നു. ആദ്യദർശനത്തിൽ തന്നെ നളിനിക്ക്
ദിവാകരനെ മനസ്സിലായി. എന്നാൽ ദിവാകരനു
നളിനിയെ മനസ്സിലായില്ല.

ഈ സന്ദർഭത്തിൽ ദിവാകരന് ഏറ്റവും
എളുപ്പത്തിൽ മനസ്സിലാകാനായാണ് 'പണ്ടിഷ്ടയാം
നളിനി' എന്ന് അവൾ സ്വയം പരിചയപ്പെടുത്തി-
യത്. ദിവാകരനും ഒരിക്കൽ അവളെ ഇഷ്ടപ്പെ-
ട്ടിരുന്നു എന്ന സൂചനയും ഇവിടെ ലഭിക്കുന്നു.

മഹാകവി കുമാരനാശാന്റെ ഭാഷാപ്രയോ-

ദനത്തിലൂടെ സാമർത്ഥ്യവും ഇവിടെ
വ്യക്തമാകുന്നു.

---

Q2. "ധീരനായ യതി നോക്കി നിന്നിതൻ
ഭൂരിശോഭമിളകുന്ന മുഖം,
പൂരിതാദരമൊരാൾ മനസ്സിൽ മഞ്ഞുതന്റെ-
ധാരയാർന്ന പനിനീർസുമോപമം."

→ ദിവാകരനെയും നളിനിയെയും സൂചിപ്പിക്കാൻ ഈ കാവ്യഭാഗത്തിൽ പ്രയോഗിച്ച പദങ്ങൾ ഏതെല്ലാം.

→ പ്രഭാതത്തിലെ സൂര്യസാന്നിധ്യം കൊണ്ട് പനിനീർപ്പൂ വികസിക്കുന്നതുപോലെ എന്ന പ്രയോഗം സന്ദർഭത്തിനു മിഴിവേകുന്നതെങ്ങനെ?

ഉ: മഹാകാവ്യമെഴുതാതെ തന്നെ മഹാകവിയായ കുമാരനാശാന്റെ മനോഹരമായ ഒരു കാവ്യമാണ് 'നളിനി'. അതിലെ വികാരനിർഭരമായ ഒരു ഭാഗമാണ് 'പ്രിയദർശനം' എന്ന പാഠഭാഗം.

ദിവാകരൻ സൂര്യനാണ്, നളിനി താമരയും. തന്നിരിക്കുന്ന വരികളിൽ

കണ്ണീരു വീണു നനഞ്ഞ നളിനിയുടെ ഇളം പൂവി-ന് നിറമുള്ള മുഖത്തെ, മഞ്ഞുകണങ്ങളാൽ അലങ്കരിക്കപ്പെട്ട പനിനീർപ്പൂവിനോട് അഭേദകല്പന ചെയ്തിരിക്കുന്നു.

പ്രഭാതത്തിൽ സൂര്യസാമീപ്യം കൊണ്ട് വികസിക്കുന്ന പനിനീർപ്പൂവിനോട് നളിനിയുടെ മുഖത്തെ അഭേദകല്പന ചെയ്തിരിക്കുന്നതിനാൽ അലങ്കാരം 'രൂപകം' - ആവർണ്യത്തോടു വർണ്യത്തിനഭേദം ചൊൽക രൂപകം - എന്ന് ലക്ഷണം.

Q3. "പോയതൊക്കെയപ്പോ നമുക്കയോ പ്രായവും സമ്പ്രതി മാറി കാര്യവും" - ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക.

ഉ:

മഹാകാവ്യമെഴുതാതെ തന്നെ മഹാകവിയായ കുമാരനാശാന്റെ മനോഹര-മായ ഒരു കാവ്യശില്പമാണ് 'നളിനി'. അതിലെ വികാരപൂർണ്ണമായ ഒരു ഭാഗമാണ് 'പ്രിയദർശനം' എന്ന പാഠഭാഗം.

ദിവാകരനോടുള്ള തന്റെ പ്രണയം നളിനി വെളിവാക്കുമ്പോൾ, ദിവാകരൻ നൽകുന്ന മറുപടിയാണ് പ്രസക്തം. പഴയ കാര്യങ്ങൾ ചിന്തിച്ചുകൊണ്ട് അവർ കഴിയുന്നതിലെ അർത്ഥശൂന്യത ദിവാകരൻ സൂചിപ്പിക്കുന്നു.

നമ്മുടെ പ്രായവും ചിന്താഗതിയും മാറിയെന്നും. ഇരുവരും സന്യാസത്തിന്റെ വഴി തിരഞ്ഞെടുത്തതിനാൽ നളിനിയുടെ പ്രണയത്തെ വെറുമൊരു ചാപല്യമായി മാത്രമേ തനിക്കു കാണാൻ കഴിയൂ എന്നുമാണ് ദിവാകരൻ പറയുന്നത്. നളിനിയുടെ മനസ്സിൽ അഭേദ്യമുണ്ടായിരുന്ന പ്രണയം തങ്ങളുടെ അവസ്ഥയ്ക്കുചേർന്നതല്ല, അതിനാൽ സമയം പാഴാക്കരുത് എന്ന ഉപദേശം കൂടിയാണ് ഇവിടെ കാണുന്നത്.

Q4. ശബ്ദഭംഗി കണ്ടെത്തിയെഴുതുക.

• "കഷ്ടകാലമയിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ! ഭവാനു ഇ-
ന്നിഷ്ടയാം 'നളിനി' ഞാൻ മറന്നതെ"

• "കണ്ടുടൻ സ്വയമറിഞ്ഞിടാഞ്ഞതോർ-
ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ
പണ്ടു നിന്നെയൊരിളംകുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ"

ഉ: കുമാരനാശാന്റെ കവിതകൾ ശബ്ദഭംഗിയും അർത്ഥഗാംഭീര്യവും കൊണ്ട് ശ്രദ്ധിക്കപ്പെടുന്നു. 'നളിനി'യിലെ പ്രസ്തുത വരികൾ ഇതിനുദാഹരണമാണ്.

തന്നിരിക്കുന്ന രണ്ടു ശ്ലോകങ്ങളിലും ദ്വിതീയാക്ഷര പ്രാസം കാണാം.

നാലുവരികളിലെയും രണ്ടാമത്തെ അക്ഷരം ഒരുപോലെ വരുന്നതിനാണ് ദ്വിതീയാക്ഷര പ്രാസമെന്ന് പറയുന്നത്. ആദ്യശ്ലോകത്തിൽ 'ഷ്' എന്ന അക്ഷരവും രണ്ടാം ശ്ലോകത്തിൽ 'ണ്ട്' എന്ന അക്ഷരവും ഇപ്രകാരം വന്നിരിക്കുന്നു.

കവിത സംവദിക്കുന്ന വികാരങ്ങ-
ങ്ങൾക്കുചേർന്ന പദഘടനയാണ് കവി
ഉപയോഗിച്ചിരിക്കുന്നത്.

Q5. "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"
- കുമാരനാശാൻ

"അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായ് വരേണം
- ശ്രീനാരായണഗുരു.

കാവ്യഭാഗങ്ങളിലെ ജീവിതവീക്ഷണം
താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉ: കുമാരനാശാന്റെ 'നളിനി'യുടെ പൊരുളാണ് 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ' എന്നത്. ദിവാകരൻ നളിനിയോട് പറയുന്ന ഈ വാക്കുകൾ, കവിയുടെ ജീവിത ദർശനം വെളിവാക്കുന്നു. മറ്റുള്ളവർക്കുവേണ്ടി ജീവിക്കുമ്പോൾ ആണ് ഒരാളുടെ ജീവിതം യഥാർത്ഥത്തിൽ ധന്യമാകുന്നത്.

അവനവനാത്മസുഖത്തിനാചരിക്കുന്നവ
യപരന്നു സുഖത്തിനായി വരേണം എന്ന
ശ്രീനാരായണഗുരുവിന്റെ ഉപദേശവും ഇതേ
ആശയം തന്നെ നൽകുന്നു.
സ്വന്തം സുഖത്തിനായി ചെയ്യുന്ന കർമ്മങ്ങൾ
മറ്റുള്ളവർക്കുകൂടി സുഖം നൽകുന്നതാകണം
എന്നാണ് അദ്ദേഹം ഉപദേശിക്കുന്നത്.

ശ്രീനാരായണഗുരുവിന്റെ ശിഷ്യനായിരുന്ന
ആശാനെ, ഗുരുവിന്റെ വചനങ്ങളും
ആശയങ്ങളും സ്വാധീനിച്ചിരുന്നു. സ്വാർത്ഥത
വെടിഞ്ഞ് ജീവിക്കുവാനുള്ള പ്രചോദനമാണ്
രണ്ടുസന്ദർഭങ്ങളിലും കാണുന്നത്.